2. ബ്ലോക്ക് പഞ്ചായത്ത്—ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ/താലൂക്ക് ആശുപത്രി/ഗവൺമെന്റ് ആശുപത്രി (ആരോഗ്യം, ഹോമിയോ, ആയുർവ്വേദം)

3. നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ — കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ആശുപത്രി, താലൂക്ക് ആശുപത്രി (ആരോഗ്യം, ഹോമിയോ, ആയുർവ്വേദം)

4. ജില്ലാപഞ്ചായത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ജനറൽ ആശുപത്രികൾ ഒഴിച്ച് മറ്റ് 11 ജില്ലകളിലേയും ജില്ലാ ആശുപത്രികൾ, ജില്ലാ ആയുർവ്വേദ ആശുപത്രികൾ, ജില്ലാ ഹോമിയോ ആശുപത്രികൾ.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ഓരോ വാർഷിക പദ്ധതിയിലും പദ്ധതി വിഹിതം, തനത് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക (ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്—കുറഞ്ഞത് 30%, നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ—കുറഞ്ഞത് 10%, ജില്ലാപഞ്ചായത്ത്—കുറഞ്ഞത് 25%) ഉല്പാദന മേഖലയിലെ പ്രോജക്ടുകൾ, അംഗൻവാടി പോഷകാഹാരവിതരണം മുതലായ പരിപാടികൾക്കുള്ള അനിവാര്യ വകയിരുത്തലുകൾ എന്നിവയ്ക്ക് ശേഷം പദ്ധതിവിഹിതത്തിൽ ബാക്കിയുള്ള തുകയ്ക്ക് സേവന മേഖലയിൽ ഉൾപ്പെടുന്ന ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്.

(ഡി) പ്രസക്തമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ

*19 [647] *ശ്രീ. എൻ. രാജൻ :*
,, എം. കുമാരൻ :
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, അതിനുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കമ്മീഷന്റെ പ്രധാന പുമതലകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)* :

(എ) ഉണ്ട്.

(ബി) & (സി) ബില്ല് നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

ആദിവാസികൾക്കുവേണ്ടി അഗതി മന്ദിരങ്ങൾ

*20 [648] *ഡോ. എം. എ. കുട്ടപ്പൻ* :
ശ്രീ. എം. എ. വാഹീദ് :
,, *ടി. യു. രാധാകൃഷ്ണൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുവേണ്ടി അഗതി മന്ദിരങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാം സ്ഥാപിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ മന്ദിരങ്ങളിൽ എത്ര പേർക്ക് താമസിക്കുവാൻ സൗകര്യമുണ്ടാകും;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ മന്ദിരങ്ങളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)* :

(എ) ആദിവാസികൾക്കുവേണ്ടി പുതുതായി അഗതി മന്ദിരങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ നിലവിലില്ല.

(ബി) നിലവിലുള്ള ഓരോ കേന്ദ്രത്തിലും 25 സ്ത്രീകൾക്കും 25 പുരുഷൻമാർക്കും വീതം താമസിക്കുവാനുള്ള സൗകര്യമുണ്ട്.

(സി) അന്തേവാസികൾക്ക് ഭക്ഷണം, വസ്ത്രം, മരുന്ന്, നഴ്സിംഗ് എന്നീ സൗകര്യങ്ങളാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly